## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

05.12.2018- ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2058

### വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന പ്രവാസികൾ

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | വിദേശ രാജ്യങ്ങളിൽ വച്ച് മരണപ്പെടുന്ന പ്രവാസികളായ കേരളീയരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് നൽകി വരുന്ന സർക്കാർ സഹായങ്ങൾ വ്യക്തമാക്കുമോ ; | എ) | വിദേശ രാജ്യങ്ങളിൽ വച്ച് പ്രവാസികൾ മരണപ്പെടുന്ന വിവരം ബന്ധുക്കളിൽ നിന്നോ വിദേശ മലയാളി അസോസിയേഷനുകളിൽ നിന്നോ ലഭിച്ചാലുടൻ അതാതു രാജ്യങ്ങളിലെ ഇന്ത്യൻ എംബസി/ഇന്ത്യൻ കോൺസുലേറ്റുകളുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രവാസികളായ കേരളീയരുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് ആവശ്യമായ വിമാനയാത്രാ കൂലി സർക്കാർ വഹിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ടി തുക വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ; | ബി) | വിദേശത്തു വച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിച്ചതിനുശേഷം വിമാനയാത്രാകൂലിയായി ചെലവാക്കിയ തുക റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന 'കാരുണ്യം' പദ്ധതി നിലവിലുണ്ട്. മരണമടഞ്ഞ പ്രവാസിക്കോ ബന്ധുക്കൾക്കോ മറ്റൊരു ധനാഗമമാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നൽകുകയുള്ളൂ. വിദേശത്തു നിന്ന് മൃതദേഹം എത്തിക്കുന്നതിനുള്ള ചെലവ് ഇന്ത്യൻ എംബസിയോ സ്പോൺസറോ വഹിക്കാത്ത സാഹചര്യത്തിൽ പരമാവധി 50,000/- രൂപയും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും മൃതദേഹം എത്തിക്കുന്നതിന് പരമാവധി 15,000/- രൂപയുമാണ് റീ-ഇംബേഴ്സ് ചെയ്തു നൽകുന്നത്. |
| സി) | വിമാനത്താവളങ്ങളിൽ എത്തിക്കുന്ന മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനാവ | സി) | വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏതു |

| | | | |
|---|---|---|---|
| | ശ്യമായ ആംബുലൻസ് സർവ്വീസും മറ്റ് ചെലവുകളും സർക്കാർ വഹിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | | വിമാനത്താവളത്തിൽ നിന്നും മരണപ്പെട്ട ആളിന്റെ വീട്ടിലേക്ക് സൗജന്യമായി എത്തിക്കുന്നതിനായി നോർക്ക ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി സഹകരിച്ച് എമർജൻസി ആംബുലൻസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ